**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 508** **28-06-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള തീരദേശ ഹൈവേയുടെ വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടിയ്ക്ക് വേണ്ടിയുള്ള രൂപരേഖ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), കിഫ്ബിയുടെ ധനാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ദൈർഘ്യം എത്രയെന്നും അലൈൻമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | ഫോർട്ട് വൈപ്പിൻ മുതൽ  മുനമ്പം പാലം വരെയുള്ള തീരദേശ ഹൈവേയുടെ ഭാഗം വൈപ്പിൻ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. വൈപ്പിൻ മണ്ഡലത്തിലുള്ള തീരദേശ ഹൈവേയുടെ ദൈർഘ്യം ഏതാണ്ട് 21 കിലോമീറ്റർ ആണ്. ഇതിൽ പുതുവൈപ്പ് ബീച്ച് മുതൽ മുനമ്പം വരെയുള്ള  17 കിലോമീറ്റർ തീരദേശഹൈവേയുടെ വിശദപഠന റിപ്പോർട്ട്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) തയ്യാറാക്കി വരുന്നു. തീരദേശ ഹൈവേ പദ്ധതിയ്ക്ക് വേണ്ടി 2017 ൽ നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് റിപ്പോർട്ടിന്, G.O (Rt) No.679/2017/PWD dated 21.05.2017 പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. എന്നാൽ, അംഗീകാരം ലഭിച്ച പ്ലാനിൽ നിന്നും അലൈൻമെന്റ്  മാറുന്ന പ്രദേശങ്ങൾ ഉൾകൊള്ളിച്ചു സർക്കാർ ഉത്തരവ് പരിഷ്കരിക്കാനുള്ള നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് നടത്തിവരുന്നു. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ പ്രസ്തുത ഹൈവേയുടെ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായാൽ മാത്രമേ അന്തിമ അലൈൻമെന്റ് ലഭ്യമാകുകയുള്ളൂ. |
| (ഡി) | വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്ഥലവും വീടും | (ഡി) | തീരദേശ ഹൈവേ നടപ്പിലാക്കുമ്പോൾ വൈപ്പിൻ മണ്ഡലത്തിൽ ഏകദേശം 200 വീടുകൾ |

| | | | |
|---|---|---|---|
| | നഷ്ടമാകുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | ഭാഗികമായോ പൂർണമായോ ബാധിക്കപ്പെടുമെന്നാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യമായ രൂപം വിശദ പഠന റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ ലഭ്യമാകുകയുള്ളൂ. |
| (ഇ) | ഇവരെ പുനരധിവസിപ്പിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ? | (ഇ) | തീരദേശ ഹൈവേ പദ്ധതിയുടെ നടത്തിപ്പിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് കേന്ദ്ര ലാൻഡ് അക്വിസിഷൻ ആക്ട് 2013 പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്. കൂടാതെ, പദ്ധതിയുടെ നടത്തിപ്പിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയെ (KSCADC) SPV ആയി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ